**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2487** **17-03-2022 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ പെൻഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ക്ഷേമ പെൻഷനിൽ പുതുതായി എത്ര അംഗങ്ങളെ ചേർത്തിട്ടുണ്ട്; ആകെ എത്ര ഗുണഭോക്താക്കൾ നിലവിലുണ്ട്; ഇവർക്കായി എത്ര കോടി രൂപ ഈ കാലയളവിൽ ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 374,296 അംഗങ്ങളെയാണ് പുതുതായി സാമൂഹ്യ സുരക്ഷാ പെൻഷനിൽ അംഗങ്ങളായി ചേർത്തിട്ടുള്ളത്. ക്ഷേമനിധി ബോർഡ് പെൻഷൻ ഒഴികെ ആകെ 5,194,930 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളാണുള്ളത് (16.03.2022-ലെ കണക്കുകൾ പ്രകാരം).<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കായി ആകെ 7338.95 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | 2016 മേയ് മുതൽ 2022 ജനുവരി വരെയുള്ള കാലഘട്ടത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ എത്ര തവണ വർദ്ധിപ്പിച്ചു; വർദ്ധിപ്പിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ; സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കായി ഒരു മാസം എത്ര തുക സർക്കാർ ചെലവഴിക്കുന്നുണ്ട്; | (ബി) | എഴ് തവണ വർദ്ധിപ്പിച്ചിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഓരോന്നും 01.06.2016 ൽ 1000/- രൂപയായും 01.04.2017 മുതൽ 1100/- രൂപയായും, 01.04.2019 മുതൽ 1200/- രൂപയായും ഉയർത്തുകയും, ഉയർന്ന നിരക്കിൽ പെൻഷൻ അനുവദിക്കപ്പെട്ടിരുന്നവർക്ക് അത് തുടർന്നും വാങ്ങുവാനും അനുവദിച്ചിരുന്നു. വിവിധ ക്ഷേമനിധി പെൻഷനുകൾക്കും ഈ വർദ്ധനവ് നടപ്പിലാക്കിയിട്ടുണ്ട്. 80 ശതമാനവും അതിൽ കൂടുതലും വൈകല്യമുള്ളവർക്ക് 21.02.2018 മുതൽ പെൻഷൻ തുക 1100/- രൂപയിൽ നിന്നും 1300/- രൂപയാക്കി വർദ്ധിപ്പിച്ചിരുന്നു. തുടർന്ന് 01.04.2020 മുതൽ സാമൂഹ്യസുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷൻ തുക 1300/- രൂപയായും, 01.09.2020മുതൽ 1400/-രൂപയായും, 2021 ജനുവരി മുതൽ 1500/- രൂപയായും, 2021 ഏപ്രിൽ മുതൽ 1600/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>2022 ഫെബ്രുവരി മാസത്തെ കണക്കുകൾ പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കായി **764.61** കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | ഈ കാലഘട്ടത്തിൽ ആകെ എത്ര തുക സർക്കാർ | (സി) | ഈ കാലഘട്ടത്തിൽ (2016 മേയ് മുതൽ 2022 |

| | | | |
|---|---|---|---|
| | ക്ഷേമപെൻഷൻ നൽകുന്നതിനായി ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ? | | ജനുവരി വരെ) ആകെ **36638.03** കോടി രൂപ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി സർക്കാർ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ